# കേരള ചരിത്രത്തിന്റെ താക്കോൽ ഡച്ച്ഇൻകേരളഡോട്ട്കോം

- ലാലുജോസഫ്

കേരള ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം - www.dutchinkerala.com. ഇന്ത്യയിലെ നെതർലാൻഡ് സ്ഥാനപതി കാര്യാലയം മുൻകൈയെടുത്ത് മുതിർന്ന പത്രപ്രവർത്തകൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ നടത്തി വരുന്ന www.dutchinkerala.com ഇന്ത്യയുടെയും ലോകത്തിന്റെയും സംഭവപരമ്പരകൾക്കുനേരെ കണ്ണുതുറക്കുന്ന മലയാളം വെബ്സൈറ്റ് എന്ന് വിശേഷിപ്പിക്കുന്നതാവും കൂടുതൽ ശരി.

പോർട്ടുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും എത്തുമ്പോൾ കേരളത്തിന്റെയും ഇന്ത്യയുടെയും ലോകത്തിന്റെയും സ്ഥിതി എന്തായിരുന്നു എന്നതിലേക്കാണ് സൈറ്റ് വിരൽചൂണ്ടുന്നത്. പലകഷണങ്ങളായിരുന്ന മലയാളക്കര ഐക്യകേരളമായതിന്റെ ചരിത്രത്തിലൂടെ കടന്നു പോകുന്ന സൈറ്റിൽ ആധുനിക കേരളത്തെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങളുണ്ട്.

അപൂർവ്വഫോട്ടോകളും ഭൂപടങ്ങളും ചിത്രങ്ങളുമടങ്ങുന്ന സൈറ്റ് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും രാജഭരണത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള കേരളത്തിന്റെ പ്രയാണം വിവരിക്കുന്നതോടൊപ്പം ആദ്യം പോർട്ടുഗീസുകാരും 106 വർഷങ്ങൾക്കു ശേഷം ഡച്ചുകാരും പിന്നാലെ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും പോർക്കളമായി മാറ്റിയ കേരളചരിത്രം പ്രതിപാദിക്കുന്നു.

മുഗളന്മാരുടെ ഉദയാസ്തമനം അമേരിക്കൻവിപ്ലവം, ഫ്രഞ്ച് വിപ്ലവം, ടാജ്മഹൽ, വേഴ്സായി കൊട്ടാരം, ബ്രിട്ടീഷ് സാമ്രാജ്യം, ടിപ്പുസുൽത്താൻ, പഴശ്ശിരാജ, വേലുത്തമ്പിദളവ, പാലിയത്തച്ചൻ, നെപ്പോളിയൻ തുടങ്ങി ചരിത്രം കുറിച്ചിട്ടുപോയവരെക്കുറിച്ചെല്ലാം ഒരു കഥയിലെന്നപോലെ വായിച്ചെടുക്കാനാവുന്ന ആഖ്യാനശൈലിയാണ് മലയിൻകീഴ് ഗോപാലകൃഷ്ണൻ പിന്തുടർന്നിരിക്കുന്നത്.

ഡച്ചുകാർ കേരളത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനം, ഭരണം, സംഭാവന അവരുടെ തകർച്ചയ്ക്ക് വഴിവെച്ച ചരിത്രസംഭവങ്ങൾ തുടങ്ങിയവ വിശദമാക്കുന്ന സൈറ്റിൽ വാസ്കോഡിഗാമയുടെ വരവുമുതൽ ഐക്യകേരളംവരെ പഠന വിഷയമാക്കിയിട്ടുണ്ട്. ആദ്യരണ്ടുഘട്ടങ്ങൾ പൂർത്തിയായി കഴിഞ്ഞ സൈറ്റിന്റെ മൂന്നാംഘട്ടവും ഇംഗ്ലീഷപതിപ്പും 2013 ഏപ്രിൽ മെയ് മാസങ്ങളിൽ പൂർത്തിയാക്കാനിരിക്കുകയാണ്.

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും ചരിത്രം ഒന്നുപോലെ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന www.dutchinkerala.com ൽ ലോകനവോത്ഥാനം, ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ, വ്യാവസായികവിപ്ലവം, കേരളത്തിന്റെയും നെതർലാന്റിന്റെയും ഇന്നലെകൾ, കേരളത്തിലെ സാമൂഹിക സാംസ്കാരിക മേഖലയെക്കുറിച്ച് വിദേശികളുടെ വിവരണങ്ങൾ മലയാള അക്ഷരങ്ങൾ ആദ്യമായി അച്ചടിയിൽ പതിഞ്ഞ 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന വിശ്വപ്രസിദ്ധഗ്രന്ഥം എന്നിവ ലഭ്യമാണ്.

കുഞ്ഞാലിമരയ്ക്കാർ, ആറ്റിങ്ങൽകലാപം, മാമാങ്കം, തൃപ്പടിദാനം, ഹിരണ്യഗർഭം, അരിയിട്ട് വാഴ്ച, മാർത്താണ്ഡവർമ്മ, ശ്രീപത്മനാഭക്ഷേത്രം, മണ്ണാപ്പേടി- പുലപ്പേടി, ഡിലനോയി. ശക്തൻ തമ്പുരാൻ, ബ്രിട്ടീഷ് മലബാർ, ഹോർത്തൂസ് മലബാർ, ന്യൂഹാഫ് കണ്ട കേരളം, കാന്റർവിഷർ കണ്ടകേരളം, രാജാക്കന്മാർ, ദിവാന്മാർ, മുഖ്യമന്ത്രിമാർ അങ്ങനെ പോകുന്നു സൈറ്റിലെ വിവരങ്ങൾ.

വിശദവിവരങ്ങൾക്കും സംശയങ്ങൾക്കും മലയിൻകീഴ് ഗോപാലകൃഷ്ണൻ നേരിട്ടോ ഇ- മെയിലിലോ മറുപടി നൽകുന്ന രീതിയിലുമാണ് മറ്റൊരു പ്രത്യേകത. +914712451660, 919446503503

malayinkilgk@yahoo.com